I/129693/2023

ഫയൽ നം :.L1/317/TC/2023 തിയതി : 12-06-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ :

TOJO M THOMAS
സംസ്ഥാന പൊതു വിവരാവകാശ ഓഫീസർ &
അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില,
ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

സ്വീകർത്താവ്:

ശ്രീ പി വി ബിജു ,
കാർത്തിക ,പണ്ടാരപ്പറമ്പിൽ
ഒല്ലൂക്കര പി ഓ , ഒല്ലൂക്കര
തൃശൂർ-680655

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - വിവരാവകാശ നിയമം 2005 – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 20.5.2023 ൽ ഈ ഓഫീസിൽ ലഭിച്ച താങ്കളുടെ 18.5.2023-ലെ വിവരാവകാശ നിയമ പ്രകാരം (under Section 6 of the Right to Information Act 2005) വിവരം ലഭിക്കുന്നതിനുള്ള അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ മേൽ അപേക്ഷയിൽ ഈ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

1. താങ്കൾ ആവശ്യപ്പെട്ട രേഖയിൽ, വിവരാവകാശ നിയമത്തിലെ 8(1)(j), 10 എന്നീ വകുപ്പുകൾ അനുശാസിക്കും പ്രകാരം, താങ്കളുടെ ഭാഗം ഉൾപ്പെട്ട അജണ്ട നോട്ടിന്റെയും മിനുറ്റ്സിന്റെ പകർപ്പുകൾ ലഭ്യമാക്കുന്നതിനായി പേജ് ഒന്നിന് 3 രൂപ നിരക്കിൽ 12 രൂപ 0070-60-118-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ചെല്ലാന്റെ അസ്സൽ ഹാജരാക്കാൻ നിർദ്ദേശിക്കുന്നു .
2. (i) ശ്രീമതി അർച്ചന എ എസ് നായർ, സീനിയർ ക്ലർക്ക്,
   ഗതാഗതകമ്മീഷണറേറ്റ്
   (ii) ശ്രീ അജിത് ജി നാഥ്, സീനിയർ സൂപ്രണ്ട്, ഗതാഗതകമ്മീഷണറേറ്റ്
   (iii) ശ്രീമതി ലാലി കെ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഗതാഗതകമ്മീഷണറേറ്റ്
   (iv) ശ്രീ ശ്രീജിത് എസ്, ഐ പി എസ്, ഗതാഗതകമ്മീഷണർ,
   ഗതാഗതകമ്മീഷണറേറ്റ്

   മിനുറ്റ്സ് അംഗീകരിച്ച ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പകർപ്പിൽ ലഭ്യമാണ്.

3. സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, 04.06.2018, 16.06.2018 തീയതികളിലെ സർക്കാർ ഉത്തരവുപ്രകാരം, അധിക തസ്തികകൾ സൃഷ്ടിച്ചതിനെതുടർന്നാണ് താങ്കൾക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള ഒഴിവുണ്ടായത്. എന്നാൽ, എം വി ഐ തസ്തികയിലെ പ്രൊമോഷൻ നൽകുന്നതിനായി വകുപ്പുതല സ്ഥാനക്കയറ്റകമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റുകളിൽ നാളിതുവരെയായി ഉൾപ്പെടാത്തതിനാൽ താങ്കളെ സ്ഥാനക്കയറ്റത്തിനായി പരിഗണിച്ചിട്ടില്ല.

(4) താങ്കൾ ആവശ്യപ്പെട്ട രേഖയിൽ, വിവരാവകാശ നിയമത്തിലെ 8(1)(j), 10 എന്നീ വകുപ്പുകൾ

അനുശാസിക്കും പ്രകാരം, 11.12.2018-ൽ ചേർന്ന മിനുറ്റ്സിൽ താങ്കളുടെ ഭാഗം ഉൾപ്പെട്ട വിവരങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനായി പേജ് ഒന്നിന് 3 രൂപ നിരക്കിൽ 6 രൂപ (2 പേജ്) ട്രഷറി ചെല്ലാൻ മുഖേന 0070-60-118-99 എന്ന ശീർഷകത്തിൽ ഒടുക്കി ഹാജരാക്കേണ്ടതാണ്.

5. താങ്കളുടെ നിരീക്ഷണകാലയളവ് പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി പേജ് ഒന്നിന് 3 രൂപ നിരക്കിൽ 6 രൂപ (2 പേജ്) ട്രഷറി ചെല്ലാൻ മുഖേന 0070-60-118-99 എന്ന ശീർഷകത്തിൽ ഒടുക്കി ഹാജരാക്കേണ്ടതാണ്.താങ്കളുടെ അച്ചടക്ക നടപടി സംബന്ധിച്ചുള്ള വിവരങ്ങൾ പിരിവ് (1)-ൽ സൂചിപ്പിച്ചിട്ടുള്ള അജണ്ട നോട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

(എ) ശ്രീ. പി.വി.ബിജു, എ.എം.വി.ഐ-യ്ക്കെതിരെ 07.08.2017 തീയതിയായ ജി2/ഇ-23123/2017/റ്റിസി നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി കൊണ്ട് ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, 13.12.2021 തീയതിയായ ജി2/59/2020-റ്റിസി നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ വാർഷിക വേതന വർധനവ് ആറു മാസത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞു കൊണ്ട് തീർപ്പാക്കിയിട്ടുണ്ട്.

(ബി) ശ്രീ. പി.വി.ബിജു, എ.എം.വി.ഐ-യ്ക്ക് എതിരെ 23.08.2018 തീയതിയായ ജി2/ഇ-07/2016/റ്റിസി നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി കൊണ്ട് ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, 07.09.2019 തീയതിയായ ജി2/ഇ-07/2016/റ്റിസിസ് നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ വാർഷിക വേതന വർധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിട്ടുണ്ട്.

(സി) ടിയാനെതിരെ 09.12.2014 തീയതിയായ 14905/സി1/2014/ട്രാൻസ് നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി കൊണ്ട് ചട്ടം 16 പ്രകാരം സർക്കാരിൽ നിന്ന് ആരംഭിച്ച അച്ചടക്ക നടപടി നിലവിലുണ്ട്. ബഹു. കേരള ഹൈക്കോടതി മുൻപാകെ ടിയാൻ ഫയൽ ചെയ്ത WP(C) 34173/2014-ന്റെ 17.12.2014 തീയതിയായ ഇടക്കാല ഉത്തരവ് പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിന്നും ടിയാനെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്തു കൊണ്ട് പുറപ്പെടുവിച്ച 18.09.2014 തീയതിയായ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. WP(C) തീർപ്പാക്കിയിട്ടില്ലായെന്ന് 02.02.2023 തീയതിയായ കത്ത് മുഖേന അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവുകളുടെ പകർപ്പുകൾ 6 പേജുകൾ ഉണ്ട്. പകർപ്പുകൾ ലഭ്യമാക്കുന്നതിനായി പേജ് ഒന്നിന് 3 രൂപ നിരക്കിൽ 18 രൂപ 0070-60-118-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ചെല്ലാന്റെ അസ്സൽ ഹാജരാക്കാൻ നിർദ്ദേശിക്കുന്നു.

6. സാങ്കല്പിക ചോദ്യമായതിനാൽ, വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.

വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.

ഇല്ല

Rule 28 (b )(i), Part II ,KS & SSR,1958 അനുശാസിക്കും പ്രകാരം വകുപ്പുതല സ്ഥാനക്കയറ്റകമ്മിറ്റിയാണ് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്.

7. പ്രസ്തുത ഉത്തരവിൽ, താങ്കളുടെ 08.08.2022-ലെ അപേക്ഷ (Annexure A6), Annexure A5 ഉത്തരവിന്റെ വെളിച്ചത്തിൽ, രണ്ടാം എതിർ കക്ഷിയായ ഗതാഗതകമ്മീഷണർ 3 മാസത്തിനകം പരിഗണിക്കണമെന്ന് ബഹു. ട്രിബ്യൂണൽ ഉത്തരവായിരുന്നു. എന്നാൽ താങ്കൾ ഗതാഗതകമ്മീഷണർ മുമ്പാകെ സമർപ്പിച്ച 08.08.2022-ലെ അപേക്ഷ 19.10.2022-ൽ ചേർന്ന അഡ്ഹോക് ഡിപിസി പരിഗണിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ, ബഹു. കോടതി ഉത്തരവ് പാലിച്ചിട്ടുള്ളതുമാണ്.

മേൽ നൽകിയ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ മറുപടി കൈപ്പറ്റി 30 ദിവസങ്ങൾക്കുള്ളിൽ താഴെ സൂചിപ്പിച്ചിട്ടുള്ള അപ്പലേറ്റ് അതോറിറ്റി സമക്ഷം താങ്കൾക്ക് ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

I/129693/2023

വിശ്വസ്തതയോടെ,

Signed by
Tojo M Thomas
Date: 12-06-2023 15:04:21

TOJO M THOMAS
ASSISTANT TRANSPORT COMMISSIONER

പകർപ്പ് :-

1. സെക്ഷൻ ക്ലാർക്ക്, എൽ1 സെക്ഷൻ
2. സെക്ഷൻ ക്ലാർക്ക്, എസ്.എസ്.ജി 2 സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിലേക്ക്)

**അപ്പീൽ അധികാരി**

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, ട്രാൻസ് ടവേഴ്സ്, രണ്ടാം നില,
വഴുതക്കാട്, തൈക്കാട് പി.ഓ , തിരുവനന്തപുരം - 695014
☎ 0471-2333323 | ഇ-മെയിൽ: jtc.mvd@kerala.gov.in